## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3286

24/06/2013ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിലെ അപാകത പരിഹരിക്കാൻ നടപടി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. നടപ്പിലാക്കിയ ഒറ്റത്തവണ രജിസ്ട്രേഷൻ ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകളെല്ലാം രേഖപ്പെടുത്താൻ സംവിധാനമില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും<br><br>ഉദ്യോഗാർത്ഥികൾ നേടിയിട്ടുള്ള എല്ലാ യോഗ്യതകളും ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതകളെല്ലാം തന്നെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗാർത്ഥി നേടിയിട്ടുള്ള യോഗ്യതകൾ ഏതെങ്കിലും, ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ രേഖപ്പെടുത്താൻ സാധിക്കാതെവന്നാൽ, ആ വിവരം ഉദ്യോഗാർത്ഥി പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന പക്ഷം പബ്ലിക് സർവ്വീസ് കമ്മീഷൻ ഇത് പരിശോധിക്കുകയും, സ്വീകാര്യമെന്നു കാണുന്ന പക്ഷം, പ്രസ്തുത യോഗ്യത ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കുമോ ? | |

സെക്ഷൻ ഓഫീസർ